(ബി) അവയിൽ ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങളാണ് നടപ്പിൽ ഇരിക്കുന്നത്; ഓരോന്നിൽനിന്നും ഏതാദായം വീതം കിട്ടിക്കൊണ്ടിരിക്കുന്നു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഗവൺമെൻറ് മുമതലയിൽ നടത്തുന്ന യാചകകേന്ദ്രങ്ങൾ രണ്ട് ഉണ്ട്. (ഇതു കൂടാതെ ആലപ്പുഴ, കോട്ടയം, നാഗർകോവിൽ എന്നീ സ്ഥലങ്ങളിൽ അതാതു സ്ഥലത്തിലുള്ള നഗരസഭകളുടെ സഹകരണത്തിലും ഗവൺമെൻറ് ധനസഹായത്തോടുകൂടി ഓരോ യാചകകേന്ദ്രങ്ങളുണ്ട്. അഗതിമന്ദിരങ്ങൾ ഉൾപ്പെട്ടതായിട്ടില്ല.)

രാമവർമ്മപുരം	വൃ ദ
പൊന്നരുന്തി	൭൯
പള്ളരുത്തി	വൃ ൭

(ബി) ഈ യാചകകേന്ദ്രങ്ങളിൽ ഇപ്പോൾ വ്യവസായങ്ങൾ ഒന്നും തന്നെ നടത്തുന്നില്ല. എന്നാൽ ഏറണാകുളം, മട്ടാഞ്ചേരി എന്നീ കേന്ദ്രങ്ങളിൽ കയർപിരി തുടങ്ങുന്നതിനു അനുവാദം കൊടുത്തിട്ടുണ്ട്.

സാമ്പത്തിക സമീകരണം

*വൃ ൨൪ (൯൭) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംസ്ഥാനത്തു് സാമ്പത്തിക സമീകരണം താമസിയാതെ നടപ്പിൽ വരുത്തണമെന്നു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അങ്ങനെയെങ്കിൽ ഏതു നടപടിയാണു് ആദ്യമായി സ്വീകരിക്കാൻ പോകുന്നതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഇല്ല.

(ബി) ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

Questions posted for answer on 26—2—1951

COMPULSORY PRIMARY EDUCATION

*826 [41] **Sri. A. Ramasubramonia Karayalar**: Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) In how many taluks the Government are going to introduce compulsory primary education during the next years:

(*b*) what steps the Government have taken so far?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**:

(*a*) It is proposed to extend the scheme in two more taluks next year.

(*b*) The statistics required for introducing the scheme are being collected.

ശർക്കര വില

*വൃ ൨ ൭ (൯൩) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സിവിൽ സപ്ലൈസു് വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly